"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ3-39535/14

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 4-2-2015

# സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - പൊതുപരിപാടികളിൽ ബന്ധപ്പെട്ട എം.പി-മാരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 25-11-2014-ലെ 2112/B2/2012/പ.കാ.വ നമ്പർ സർക്കാർ കത്ത്.

പ്രധാനപ്പെട്ട പൊതുപരിപാടികളിലും ഉദ്ഘാടനവേളകളിലും എം.പി-മാരെ പരിഗണിക്കുന്നില്ലെന്ന് എം.പി-മാരുടെ യോഗത്തിൽ പരാതി ഉയർന്നിരിക്കുന്നു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പ്രധാനപ്പെട്ട പൊതുപരിപാടികളിലും കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടേയും സ്റ്റേറ്റ് സ്കീമുകളുടേയും ഉദ്ഘാടന വേളകളിലും എം.പി-മാർ അംഗങ്ങൾ ആയിട്ടുള്ള കമ്മിറ്റികളുടേയും മീറ്റിംഗുകളും, കേന്ദ്ര മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകളിലും ബന്ധപ്പെട്ട രാജ്യസഭ/ലോക്സഭഎം.പി-മാരെ ക്ഷണി ക്കേണ്ടതാണെന്നും പ്രോട്ടോ ക്കോൾ പ്രകാരം എം.പി-മാർക്ക് ലഭിക്കേണ്ട സ്ഥാനവും പ്രാധാന്യവും ഉറപ്പാക്കണമെന്നും കർശന നിർദ്ദശം നൽകുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും.

ജികെ/ 4-2-15